**03.07.2017 ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ ഏഴാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.30 ന് ബഹു. ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിജിലൻസ് സംവിധാനവുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാൻ തയ്യാറായിക്കഴിഞ്ഞതായി ചെയർമാൻ ആമുഖമായി പറഞ്ഞു. ഭരണത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്താനും ജനപക്ഷത്തു നിന്നുകൊണ്ട് ഭരണരംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച ശാസ്ത്രീയ കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാനും നാം പരിശ്രമിക്കുകയാണ്; കാലിക പ്രാധാന്യമുള്ള ചില വിഷയങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്; വർദ്ധിച്ചു വരുന്ന സ്ത്രീപീഡനക്കേസുകൾ, മാലിന്യസംസ്കരണത്തിന്റെ അപര്യാപ്തത, ആരോഗ്യരംഗത്ത് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ, പാരിസ്ഥിതികാഘാതമുണ്ടാക്കുന്ന വികസന സമീപനങ്ങൾ, ഭൂമിയുടെ ഉടമസ്ഥാവകാശവും വിനിയോഗവും, സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ, സേവനാവകാശ നിയമത്തിലെ പോരായ്മകൾ എന്നിങ്ങനെ മുൻഗണനാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഏതെല്ലാമെന്ന് തീരുമാനിക്കണം; ജനങ്ങളെ നേരിട്ട് ബാധിക്കുന്ന വിഷയങ്ങൾ തീരുമാനിക്കുന്നതിൽ അവരുടെ അഭിപ്രായങ്ങൾ എങ്ങനെ ഉൾപ്പെടുത്താനാവും എന്ന് പരിശോധിക്കണം; മേൽ സൂചിപ്പിച്ച പല വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പഠന റിപ്പോർട്ടുകൾ പരിശോധിക്കപ്പെടണം എന്നീ കാര്യങ്ങൾ ചെയർമാൻ തുടർന്ന് പറഞ്ഞു.

പാർശ്വവത്കൃതർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമങ്ങളുടെ നടപ്പാക്കൽ സംബന്ധിച്ച് നടന്നു വരുന്ന പഠനങ്ങളുടെ തത്സ്ഥിതി സംബന്ധിച്ച കാര്യങ്ങൾ കമ്മീഷൻ അംഗം ശ്രീമതി നീലാ ഗംഗാധരൻ പറഞ്ഞു. പഠനത്തിന്റെ ഭാഗമായുള്ള ചോദ്യാവലി തയ്യാറാക്കൽ പ്രക്രിയ ഇതുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട വിദഗ്ദ്ധ പാനൽ അംഗങ്ങൾ നടത്തി വരുന്നുണ്ടെന്നും അത് അവലോകനം ചെയ്തു വരുന്നുവെന്നും മെമ്പർ ചൂണ്ടിക്കാട്ടി. വിജിലൻസ് സംവിധാനത്തിന്റെ പുനരവലോകനം സംബന്ധിച്ച് നടക്കുന്ന പഠനത്തിന്റെ തത്സ്ഥിതി സംബന്ധിച്ച കാര്യങ്ങൾ കമ്മീഷൻ അംഗം ശ്രീ. സി.പി.നായർ വിശദീകരിച്ചു. പ്രസ്തുത പഠനത്തിന്റെ ഭാഗമായി വിദഗ്ദ്ധസമിതിയുടെ യോഗം ചേരുകയും വിശദമായ ചർച്ചയുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ റിപ്പോർട്ടിന്റെ കരട് രൂപപ്പെട്ടു വരികയാണെന്നും യോഗത്തിൽ വിശദീകരിക്കപ്പെട്ടു.

തുടർന്ന് അജണ്ടയിലെ വിഷയങ്ങൾ ഓരോന്നായി വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു :

I) 27.05.2017 ലെ കമ്മീഷന്റെ ആറാമത് യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചു.

II) പൊതുജനങ്ങൾക്ക് വിവരം നൽകൽ, പരാതി പരിഹാര സംവിധാനം, സേവനാവകാശ നിയമം എന്നിവയുടെ അവലോകനം തുടങ്ങിയ വിഷയങ്ങളിൽ പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിദഗ്ധ സമിതിയിൽ താഴെ പറയുന്നവരെ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(1) ശ്രീ.രാജൻ എസ്.ഖോബ്രഗാഡെ ഐ.എ.എസ്
(2) ശ്രീമതി കെ.ബി. വത്സലാകുമാരി ഐ.എ.എസ് (റിട്ട)
(3) ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ്
(4) ശ്രീമതി അദീല അബ്ദുള്ള ഐ.എ.എസ്
(5) പ്രൊഫ.ജയ എസ്.ആനന്ദ്, ഐ.എം.ജി
(6) ഡോ.ഡി. സജിത് ബാബു, സെക്രട്ടറി, ഐ.എൽ &ഡി.എം
(7) ശ്രീ.ഗൗരീദാസൻ നായർ, മാധ്യമ പ്രവർത്തകൻ
(8) ശ്രീ.എം.ജി. രാധാകൃഷ്ണൻ, മാധ്യമ പ്രവർത്തകൻ

III)സംസ്ഥാനത്തെ വിജിലൻസ് സംവിധാനം പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച കമ്മീഷൻ അംഗമായ ശ്രീ.സി.പി. നായരുടെ നേതൃത്വത്തിൽ നടക്കുന്ന പഠനത്തിന്റെ റിപ്പോർട്ട് 2017 ആഗസ്റ്റ് മാസത്തിൽ സർക്കാരിന് സമർപ്പിക്കാൻ തീരുമാനിച്ചു. അതോടൊപ്പം സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് statutory ഘടന നൽകുന്നത് സംബന്ധിച്ചുമുള്ള കരട് നിയമവും പ്രസ്തുത റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

IV)കമ്മീഷൻ ഇതിനോടകം ആരംഭിച്ചിട്ടുള്ള പഠനങ്ങളിൽ കമ്മീഷനെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വിവിധ വിദഗ്ധ പാനലുകളുടെ പ്രവർത്തന പുരോഗതിയും തുടർച്ചയായി വിലയിരുത്തണം എന്ന് തീരുമാനിച്ചു. മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് CMD നടത്തുന്ന പഠനത്തെ സംബന്ധിച്ചും നിശ്ചിത ഇടവേളകളിൽ വിലയിരുത്തണം എന്നും തീരുമാനിച്ചു.

V)കമ്മീഷന്റെ പഠനത്തെ സഹായിക്കുന്നതിന് കമ്മീഷൻ ചുമതലപ്പെടുത്തുന്ന കൺസൾട്ടന്റുമാർ /വിദഗ്ധ സമിതിയിലെ അംഗങ്ങൾ എന്നിവർക്ക് അവർ പങ്കെടുക്കുന്ന യോഗങ്ങളിൽ സിറ്റിംഗ് ഫീസായി 2,000/-(രണ്ടായിരം) രൂപയും കമ്മീഷനു വേണ്ടി ചോദ്യാവലികൾ, മറ്റു ബന്ധപ്പെട്ട രേഖകൾ, കരട് റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കൽ തുടങ്ങിയ പ്രത്യേക ദൗത്യം നിർവ്വഹിക്കുന്ന കൺസൾട്ടന്റുമാർ /വിദഗ്ധ സമിതിയിലെ അംഗങ്ങൾ എന്നിവർക്ക് പരമാവധി 20,000/-(ഇരുപതിനായിരം) രൂപയും ഓണറേറിയമായി നൽകുന്നതിനും തീരുമാനിച്ചു.

VI) സമീപന രേഖയിൽ വിശദീകരിച്ചിരിക്കുന്ന പ്രകാരം ജനസൗഹൃദ സേവനങ്ങൾക്ക് ഊന്നൽ നൽകി വിവിധ വിഷയങ്ങൾ സംബന്ധിച്ച് തുടർന്നുള്ള പഠനങ്ങൾ നടത്തുന്നതിന് മുമ്പ് ഇതു സംബന്ധിച്ചുള്ള പശ്ചാത്തലക്കുറിപ്പുകൾ ചർച്ച ചെയ്ത് തയ്യാറാക്കുന്നതിന് തീരുമാനിച്ചു.

VII)വകുപ്പുതല/സ്ഥാപനതല കമ്മിറ്റികൾക്കുള്ള മാർഗ്ഗരേഖ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു ശില്പശാല സംഘടിപ്പിക്കുന്നതായിരിക്കും ഉചിതമെന്ന് കമ്മീഷൻ വിലയിരുത്തി. എന്നാൽ അത്തരമൊരു ശില്പശാല സംഘടിപ്പിക്കുന്നതിന് മുമ്പ് അതിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.ശില്പശാല സംബന്ധിച്ച തീയതി പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

VIII)ചോദ്യാവലി /റിപ്പോർട്ടുകൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനത്തെ സഹായിക്കുന്നതിനായി ഗവേഷണ അഭിരുചിയും ഭാഷാ പരിജ്ഞാനവുമുള്ള യോഗ്യരായ രണ്ട് പേരെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

IX) കമ്മീഷന്റെ എട്ടാമത് യോഗം 2017 ആഗസ്റ്റ് മാസം 5-ാം തീയതി വൈകിട്ട് 3.30 ന് ചേരുന്നതിന് തീരുമാനിച്ചു.

5 മണിക്ക് യോഗം അവസാനിച്ചു.

-------------------------